പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

769/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സന്നദ്ധ പ്രവർത്തനം നടത്തുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും, അവരുടെ ജീവിത, സാമൂഹിക ക്ഷേമം ഉറപ്പാക്കാനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങളിലും മറ്റ് അപകടങ്ങളിലും സ്വമേധയാ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാനും, അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും, അവരുടെ ജീവിത സാമൂഹിക ക്ഷേമം ഉറപ്പാക്കാനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം - 1

## പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തക സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

അദ്ധ്യായം - 2

2. കേരള സംസ്ഥാന ദുരന്തനിവാരണ സന്നദ്ധ പ്രവർത്തക സംരക്ഷണ അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും ഈ ആക്റ്റിൽ അതിന് നൽകിയിട്ടുള്ള വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ നടപ്പിലാക്കുന്നതിനുമായി കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തക സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതാണ്. അതോറിറ്റി എന്ന പേരിൽ ഇതിനെ ഇനി വിളിക്കാം.

(2) അതോറിറ്റി, ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടു കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവരജംഗമ വസ്തുക്കൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും, ഉത്തരവുകൾ പുറപ്പെടുവിക്കാനും കരാറുകളിൽ ഏർപ്പെടാനുമുള്ള അധികാരത്തോട് കൂടിയതായിരിക്കും.

(3) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

3. അതോറിറ്റിയുടെ ഘടന.— (1) കേരള സംസ്ഥാന ദുരന്തനിവാരണ സന്നദ്ധ പ്രവർത്തക സംരക്ഷണ അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) റവന്യൂ വകുപ്പ് മന്ത്രി അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ബി) റവന്യൂ വകുപ്പ് സെക്രട്ടറി;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(ഡി) കേരള സംസ്ഥാന ദുരന്ത നിവാരണ സെക്രട്ടറിയോ, അല്ലെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിശ്ചയിക്കുന്ന ഒരാൾ;

(ഇ) ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ, അദ്ദേഹം അതോറിറ്റിയുടെ എമർജൻസി തലവൻ ആയിരിക്കുന്നതാണ്;

(എഫ്) കേരള സംസ്ഥാന പോലീസ് ചീഫ് അല്ലെങ്കിൽ അദ്ദേഹം നിശ്ചയിക്കുന്ന ഒരാൾ;

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ദുരന്ത നിവാരണ സംഘടനയിലെ രണ്ട് പ്രതിനിധികൾ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ദുരന്തനിവാരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് വിദഗ്ദ്ധർ.

(2) അതോറിറ്റിയുടെ ചെയർമാനെയും മറ്റ് അംഗങ്ങളെയും ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കേണ്ടതാണ്.

4. കാലാവധിയും, അംഗങ്ങളുടെ സേവന വ്യവസ്ഥകളും.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങൾ ആകുന്ന ഉദ്യോഗസ്ഥർക്ക് അവർ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം അതോറിറ്റി അംഗങ്ങളായി തുടരാവുന്നതാണ്.

(2) സർക്കാർ നിർദ്ദേശത്തോടെ അംഗങ്ങളാകുന്നവരുടെ കാലാവധി നിർദ്ദേശിക്കപ്പെട്ട തീയതി മുതൽ മൂന്ന് വർഷക്കാലമായി നിജപ്പെടുത്തേണ്ടതാണ്.

(3) അതോറിറ്റിയുടെ ചെയർമാന് എഴുതി നൽകുന്ന നോട്ടീസ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏത് അംഗത്തിനും രാജി സമർപ്പിക്കാവുന്നതാണ്.

(4) സർക്കാരിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തെയും,—

(എ) അയാൾ ബുദ്ധിസ്ഥിരത ഇല്ലാത്തതായി ബന്ധപ്പെട്ട കോടതി വിധിക്കുകയോ;

(ബി) അയാളെ അവിമുക്ത നിർദ്ധനനായി ബന്ധപ്പെട്ട കോടതി പ്രഖ്യാപിക്കുകയോ;

(സി) അയാളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം നിർവ്വഹിക്കാൻ കഴിവില്ലാതെ വരുകയോ;

(ഡി) അയാൾ സർക്കാരിന്റെ അഭിപ്രായത്തിൽ തലസ്ഥാനത്ത് തുടരുന്നതിന് പൊതു താൽപര്യത്തിന് വിരുദ്ധമായി വരുകയോ;

(ഇ) അയാൾ സർക്കാരിന്റെ അഭിപ്രായത്തിൽ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെടുകയോ;

(എഫ്) അയാൾ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ നിന്ന് മതിയായ കാരണം കൂടാതെ പങ്കെടുക്കാതിരിക്കുകയോ ചെയ്താൽ അംഗത്വത്തിൽ നിന്ന് നീക്കാവുന്നതാണ്.

(5) അംഗങ്ങളുടെ രാജി വഴിയോ, അയോഗ്യത മൂലം നീക്കം ചെയ്യപ്പെടുകയോ വഴി ഉണ്ടായ ഒഴിവുകൾ വകുപ്പ് 3(1) പ്രകാരം നികത്താവുന്നതാണ്.

5. ഡിസ്പോസൽ ഓഫ് ബിസിനസ്.— (1) യോഗം ചെയർമാന്റെ അധ്യക്ഷതയിൽ കൂടേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ നിന്നും ഒരാളെ ചെയർമാനായി തെരഞ്ഞെടുക്കാവുന്നതാണ്.

(2) യോഗസ്ഥലം, സമയം ഇവയെ സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള പൂർണമായ അധികാരം ചെയർമാനിൽ നിക്ഷിപ്തമായിരിക്കും.

(3) അതോറിറ്റിയുടെ മറ്റെല്ലാ തീരുമാനങ്ങളും ഭൂരിപക്ഷ അഭിപ്രായം വഴി എടുക്കേണ്ടതാണ്.

(4) യോഗ നടപടികളെ സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള പൂർണ്ണ അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

(5) യോഗത്തിന്റെ ക്വാറം ചെയർമാൻ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കേണ്ടതാണ്.

(6) യോഗതീരുമാനങ്ങൾ അതോറിറ്റിയിൽ അംഗങ്ങളുടെ ഒഴിവുകൾ നിലനിൽക്കുന്നു എന്ന കാരണത്താലോ, യോഗ നടപടി ക്രമക്കേടുകളുടെ അടിസ്ഥാനത്താലോ അസാധുവാക്കപ്പെടുന്നതല്ല.

(7) യോഗം ഏത് സമയത്തും കൂടാവുന്നതും, ഒരു വർഷത്തിൽ മൂന്ന് പ്രാവശ്യം എങ്കിലും കൂടേണ്ടതുമാണ്.

6. <u>ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനം</u>.—(1) അതോറിറ്റിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കായി ആവശ്യമെങ്കിൽ സർക്കാരിലേക്ക് ശിപാർശ ചെയ്യാനും, മറ്റു ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയും നിയമിക്കാവുന്നതാണ്.

(2) സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുമ്പോൾ അധിക ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി നിയമിക്കാവുന്നതാണ്

7. <u>ഓണറേറിയം അലവൻസ്</u>.—(1) അതോറിറ്റിയിലെ അംഗങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഓണറേറിയം അലവൻസ് കൊടുക്കേണ്ടതാണ്.

(2) ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിലേക്ക് ആവശ്യമായ തുക സർക്കാർ നിശ്ചയിച്ച് നൽകേണ്ടതാണ്.

8. <u>അതോറിറ്റിയുടെ ചുമതലകൾ</u>.—(1) ദുരന്തനിവാരണ പ്രവർത്തനത്തിൽ ഏർപ്പെടുന്ന സന്നദ്ധ സംഘടനകളുടെയും, സന്നദ്ധ പ്രവർത്തകരുടെയും വിവരശേഖരണം നടത്തി ഒരു ഡാറ്റ ബാങ്ക് പ്രസിദ്ധീകരിക്കുകയും തുടർ മേൽനോട്ടത്തിലൂടെ പരിഷ്കരിച്ച് സൂക്ഷിക്കുക.

(2) ദുരന്തനിവാരണ സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുക.

(3) സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും, സംഘടനകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

(4) സന്നദ്ധ പ്രവർത്തകർക്കും സംഘടനകൾക്കും ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

(5) സന്നദ്ധ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും സഹായവും ഉറപ്പാക്കുക.

(6) സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായ തുടർ പരിശീലനം നൽകുക.

(7) സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകുക.

(8) സന്നദ്ധപ്രവർത്തകരുടെ ജീവിത, സാമൂഹിക സുരക്ഷിതത്വം ലക്ഷ്യമാക്കി ഒരു ക്ഷേമനിധി രൂപീകരിക്കാൻ അതോറിറ്റിയിൽ തീരുമാനമെടുക്കുക. ഈ തീരുമാനം സർക്കാരിലേക്ക് ശിപാർശ ചെയ്യുക,—

(എ) പ്രസ്തുത ക്ഷേമനിധിയിൽ സന്നദ്ധപ്രവർത്തനത്തിന്റെ ഇടയിൽ അംഗത്തിന് മരണം സംഭവിച്ചാൽ ചുരുങ്ങിയത് 10 ലക്ഷം രൂപ കുടുംബത്തിന് സർക്കാർ ധനസഹായം നൽകണം;

(ബി) സന്നദ്ധപ്രവർത്തനത്തിന്റെ ഇടയിൽ മരണപ്പെടുന്ന വ്യക്തികളുടെ കുട്ടികളുടെ വിദ്യാഭ്യാസം സർക്കാർ ഏറ്റെടുക്കണം;

(സി) അൻപത് ശതമാനത്തിലധികം അംഗവൈകല്യം സംഭവിച്ചാൽ അവർക്ക് 5 ലക്ഷം രൂപ കൈമാറാനുള്ള നടപടിയെടുക്കണം;

(ഡി) പരിക്ക് പറ്റിയാൽ അംഗത്തിന്റെ ചികിത്സാ ചെലവ് പരിപൂർണ്ണമായി സർക്കാർ ഏറ്റെടുക്കേണ്ടതും, പരിക്കിന്റെ തോതനുസരിച്ച് കുടുംബത്തിനുള്ള സാമ്പത്തിക സഹായവും നൽകണം;

(ഇ) സന്നദ്ധ പ്രവർത്തകരുടെ അംശാദായം എത്രയാണോ നിശ്ചയിച്ചിട്ടുള്ളത് അതിന് തത്തുല്യമായി സർക്കാർ വിഹിതം നൽകേണ്ടതാണ്;

(എഫ്) സന്നദ്ധ പ്രവർത്തകർക്ക് റിട്ടയർമെന്റ് പ്രായം നിശ്ചയിക്കേണ്ടതും റിട്ടയർമെന്റ് ആനുകൂല്യങ്ങളും തുടർന്നുള്ള പെൻഷനും ഉണ്ടായിരിക്കേണ്ടതാണ്.

(9) സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംഘടനകൾ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടെന്നും ജീവൻരക്ഷാ ഉപകരണങ്ങൾ നൽകുന്നുണ്ടെന്നും ഉറപ്പുവരുത്തുക

(10) സന്നദ്ധ പ്രവർത്തകരുടെ ജീവൻ, സാമൂഹിക സുരക്ഷിതത്വം എന്നിവയെ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക.

(11) മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകുക.

(12) സന്നദ്ധ പ്രവർത്തകരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുക.

(13) പ്രളയ ദുരന്ത നിവാരണ നയരൂപീകരണത്തിൽ സന്നദ്ധ പ്രവർത്തകരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

(14) സന്നദ്ധ പ്രവർത്തകർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തുക.

(15)സന്നദ്ധ പ്രവർത്തകരുടെ അവകാശ സംരക്ഷണത്തിനും അവരുടെ പ്രോത്സാഹനത്തിനും നിലകൊള്ളുക.

(16) ക്ഷേമ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.

(17) സന്നദ്ധ സേവകരുടെ ജീവിത-സാമൂഹിക ക്ഷേമത്തിന് വേണ്ടി സർക്കാരിലെ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

(18) ദുരന്ത രക്ഷാപ്രവർത്തനത്തെ തുടർന്ന് സന്നദ്ധ പ്രവർത്തകർക്കുണ്ടാകുന്ന ആരോഗ്യ സാമൂഹിക പ്രത്യാഘാതത്തെക്കുറിച്ച് പഠനം നടത്തി പിന്തുണ സഹായ പദ്ധതി ഗവൺമെന്റിലേക്ക് നിർദ്ദേശിക്കുക.

(19)അടിയന്തര ധനസഹായം ഉറപ്പാക്കുക.

(20) സന്നദ്ധ പ്രവർത്തകരുടെ വൈദ്യസഹായം, ചികിത്സ, തുടർ സഹായം മരണാനന്തര സഹായം എന്നിവക്കായി സർക്കാരിന് നിർദ്ദേശം നൽകുക.

(21) സന്നദ്ധ പ്രവർത്തകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക.

(22) സന്നദ്ധ പ്രവർത്തനങ്ങളുടെ ആവശ്യകതയും, പ്രാധാന്യവും സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

(23) ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തക ക്ഷേമ ഫണ്ട് രൂപീകരണവും അതിന്റെ ഭരണ നിർവ്വഹണവും.

9. <u>സന്നദ്ധ സംഘടനകളുടെ രജിസ്ട്രേഷൻ.</u>—(1)ദുരന്തനിവാരണ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷകൾ മതിയായ രേഖകളുമായി അതോറിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) സെക്രട്ടറി ഈ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തേണ്ടതും, സംഘടന രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണോ, അപേക്ഷ നിരസിക്കേണ്ടതാണോ എന്നതിനെ സംബന്ധിച്ച് അതോറിറ്റിക്ക് ശിപാർശ ചെയ്യേണ്ടതാണ്.

(3) സെക്രട്ടറിയുടെ ശിപാർശയിന്മേൽ അതോറിറ്റിക്ക് രജിസ്റ്റർ ചെയ്യപ്പെടേണ്ട സംഘടനകളുടെ പേരും മറ്റു വിവരങ്ങളും പ്രത്യേകമായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കൊണ്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകാൻ ഉത്തരവിടാവുന്നതാണ്.

(4) അതോറിറ്റിക്ക് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടന അതിന്റെ തുടർ പ്രവർത്തനം നടത്താൻ യോഗ്യത ഇല്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സ്വന്തം നിലയിലോ അല്ലാതെയോ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണ്.

(5) രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് മുമ്പായി അതോറിറ്റി ആവശ്യമായ അന്വേഷണം നടത്തേണ്ടതും സംഘടനയുടെ ഭാഗം കേൾക്കേണ്ടതുമാണ്.

10. അതോറിറ്റിയുടെ അധികാരങ്ങൾ.—(1) ഈ ആക്റ്റിൻ പ്രകാരം അതോറിറ്റിക്കോ, അതോറിറ്റി ചുമതലപ്പെടുത്തിയ ആൾക്കോ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്,—

(എ) ദുരന്തനിവാരണ സന്നദ്ധ സംഘടനകളുടെ ഓഫീസുകളിലോ സംഘടനാ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന സ്ഥലത്തോ പ്രവേശിക്കുവാനും, പരിശോധിക്കുവാനും വിവരശേഖരണം നടത്താനും;

(ബി) ആവശ്യമായ വിവരങ്ങൾ, രേഖകൾ, റെക്കോർഡുകൾ എന്നിവ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവരോട് അഭ്യർത്ഥിക്കാനും അവ അതോറിറ്റി ആവശ്യപ്പെടുന്ന രീതിയിലും, സമയത്തും ലഭിക്കാനും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും, അവരുടെ ജീവിത സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനും ആവശ്യമായ നിയമങ്ങളില്ല.

ഇക്കാര്യങ്ങൾ അടിയന്തരമായി പരിഗണിച്ച് ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തകർക്ക് അവരുടെ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരള സംസ്ഥാന ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തക അതോറിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമ്പോൾ മാത്രമേ ഇതിനുവേണ്ടി വരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളൂ. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി ഒരു കോടി രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ടി. സിദ്ദിഖ്, എം.എൽ.എ.